➩ *തൊഴിലാളി വർഗ്ഗത്തിന്റെസാമൂഹ്യ ഉത്ഭവം അതിനുതകുന്നതായിരുന്നില്ല* ➩

**ഇത്** ആം ആദ്മി പാർട്ടിയുടെ ഇന്നത്തെ അവസ്ഥയേക്കുറിച്ചുള്ള ചർച്ച അല്ല, ആ പ്രസ്ഥാനത്തെ എങ്ങനെ മനസ്സിലാക്കണം എന്നുള്ള ചർച്ചയാണ്.

കാലഘട്ടത്തിലെ ചരിത്രത്തിന്റെ നിയാമകശക്തി (motive force), പ്രേരകം (ചേതന-dynamics) എന്താണ് എന്നുള്ള ചോദ്യത്തോടെയാണ് നാം തുടങ്ങേണ്ടത്. പ്രത്യേകിച്ച് ഓർത്തഡോക്സ് മാർക്സിസം കരുതിയതുപോലെയുള്ള ഒരു സാമൂഹ്യ കർത്തവ്യം തൊഴിലാളി വർഗ്ഗത്തിൽ നിന്നും പ്രതീക്ഷിക്കാനില്ലാത്തതു കൊണ്ടും, മുല്ലപ്പൂ വിപ്ലവങ്ങളുടെ രൂപവും അന്തഃസത്തയും ഇനിയും ഉരുത്തിരിഞ്ഞുവരാനുള്ളതുകൊണ്ടും ഈ ചോദ്യവും ആവശ്യമായി വരുന്നു. എൻ.ജി.ഒകൾ ഓർത്തഡോക്സ് (നിലനിൽക്കുന്ന വ്യവസ്ഥയുടെ) മൂലധനത്തെ ആശ്രയിക്കുന്നവരായതുകൊണ്ടും, കൂടാതെ അവർ ശക്തിസങ്കൽപ്പത്തെ (Power.Power to Be and Become. Power as Processes) ഒരു മെഗാനരേറ്റീവായി പ്രശ്നവത്കരിക്കാൻ ശ്രമിക്കാത്തതുകൊണ്ടും ഈ ചോദ്യം ചോദിക്കേണ്ടതുണ്ട്.

# ആം ആദ്മി പ്രതിഭാസവും ഘടനോത്തരാവസ്ഥയുടെ രാഷ്ട്രീയവും

ഇടതു–വലത് അമൂർത്ത രാഷ്ട്രീയത്തിൽ നിന്നും ഘടനോത്തര രാഷ്ട്രീയം വ്യത്യാസപ്പെടുന്നത് എങ്ങനെയെന്ന് ആം ആദ്മി പാർട്ടിയുടെ ആവിർഭാവത്തിന്റെ പശ്ചാത്തലത്തിൽ വിശദമാക്കുന്നു.

**പ്രൊഫ. സുകു മാമ്മൻ ജോർജ്ജ്**

തൊഴിലാളികൾ ഇന്നും മുതലാളിത്തത്തിന്റെ ഒരു പ്രധാന ഘടകം (factor) തന്നെയാണ്. യഥാസ്ഥിതിക സോഷ്യലിസം അവരെ ഒരിക്കലും ഒരു ഘടകമെന്നതിനപ്പുറം ചരിത്ര ഏജൻസി (സൃഷ്ടാക്കൾ: സൃഷ്ടിയിലൂടെ ശക്തിയും (Power of Beingness) സ്വയം നിർണ്ണയാധികാരവും നേടുന്നവർ) ആക്കി വികസിപ്പിച്ചിട്ടില്ല. അത് സോഷ്യലിസത്തിന്റെ കുഴപ്പമായിരുന്നില്ല. പിന്നെയോ തൊഴിലാളി വർഗ്ഗത്തിന്റെസാമൂഹ്യ ഉത്ഭവം അതിനുതകുന്നതായിരുന്നില്ല. മുതലാളിത്തത്തിൽ നിന്നുണ്ടായതും അതിന്റെ ഘടകം (factor) ആയതുമായ തൊഴിലാളിവർഗ്ഗത്തിന് സ്വയമായ നിലനിൽപ്പില്ല. അതായത്, യാഥാസ്ഥിതിക മുതലാളിത്ത മൂലധന സൃഷ്ടിയിൽ നിന്നു വ്യത്യസ്തമായ ഒരു മൂലധന ഡയനാമിക്സ് തേടാൻ ആവശ്യമായ സാമൂഹ്യാസ്തിത്വം അല്ലായിരുന്നു അവർക്കുള്ളത്. അതുകൊണ്ടുതന്നെ വർഗ്ഗസങ്കൽപ്പത്തിനും, വർഗ്ഗ സമരത്തിനും പുറത്തേക്ക് ഡയനാമിക്സ് തേടി നാം പോകേണ്ടതുണ്ട്. ഫ്യൂഡലിസത്തെ പരിവർത്തനപ്പെടുത്താൻ ഫ്യൂഡലിസത്തിന്റെഘടകമായിരുന്ന കർഷകരുടെ കലാപങ്ങൾക്ക് കഴിഞ്ഞില്ല, ഏജൻസി ആകാൻ കഴിഞ്ഞില്ല എന്നത് ഓർക്കുക.

ഇന്നത്തെ പോലെയുള്ള ഒരു സങ്കീർണ്ണ സമൂഹത്തിൽ ചരിത്ര ഡയനാമിക്സിന്റെ ഉറവിടം ഘടനാത്മകമായി മനസ്സിലാക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ സമൂലമായ വർഗ്ഗ ഘടനകളുടെ സ്ഥാനത്ത് മറ്റെന്തെങ്കിലും ചിത്രം നമുക്ക് ഉണ്ടാകേണ്ടതുണ്ട്. ഇതാണ് ഈ ലേഖനത്തിന്റെ വി

ഷയം. മുതലും ചന്തയും തന്നെയാണ് ഇന്നത്തെ ലോക വ്യവസ്ഥയുടെ മൂല ഡയനാമിക്സ് എന്നുതന്നെ ഉറപ്പിച്ചു പറയാനാവില്ല. കാരണം ഒന്നാമത്, മൂലധനത്തെ (capital) ഓർത്തഡോക്സ് മുതലായി (money and capital goods) ചുരുക്കി ഇപ്പോൾ അവതരിപ്പിക്കാനാവില്ല. രണ്ട്, മുതലും ചന്തയും തന്നെ ഇന്ന് പലപ്പോഴും പഴയ യുക്തിബോധത്താൽ ദൃശ്യപ്പെടുന്നില്ല. അത് മനസ്സിലാകണമെങ്കിൽ പുതിയ മുതലിന്റെയും മൂലധനത്തിന്റെയും സാമൂഹ്യ ഉത്ഭവം ചർച്ച ചെയ്യണം.

പത്തൊമ്പതാം നൂറ്റാണ്ടിൽ മൂലധനം ഉണ്ടായത് ഭൗതിക മേഖലയിൽ മനുഷ്യപ്രയത്നം മൂലമുണ്ടായ മൂല്യവർദ്ധനവിനെ വടിച്ചെടുക്കാൻ കഴിവുള്ള ഒരു സാമൂഹ്യ ഗ്രൂപ്പിന്റെ സംഘാടന ശക്തിയാലാണ്. എന്നാൽ ഇന്ന് അതുമാത്രമല്ല മൂലധനത്തിന്റെ അടിസ്ഥാനം. മാത്രമല്ല ഭൗതീകമുതൽ മാത്രമല്ല ഇന്ന് മൂലധനവും. ഒറ്റ വാകൃത്തിൽ പറഞ്ഞാൽ ശാക്തേയ സമവാക്യങ്ങളുടെ (power equations) മേലുള്ള പ്രയത്നം (engineering) മൂലധന സൃഷ്ടിയുടെ ഏറ്റവും അടിസ്ഥാന ഘടകമാണ്. അതുകൊണ്ട് ശാക്തേയം (power equations) തന്നെ മൂലധനമായി കാണണം. ഭൗതിക ഉൽപ്പന്ന സൃഷ്ടിക്കപ്പുറം പല രൂപത്തിലുള്ള ധനവും മൂല്യവസ്തുക്കളും സൃഷ്ടമാവുന്നുണ്ട്. രാഷ്ട്രകൂടം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ (infrastructures; facilitators) തന്നെ ധനവും മൂലധനവും ആണ്. അവയ്ക്ക് സ്വകാര്യ രൂപമല്ല ഉള്ളത്. ശാക്തേയ എഞ്ചിനീയറിങ്ങും ഈ പൊതുസംവിധാനങ്ങളും തമ്മിലുള്ള ജൈവബന്ധം സുപ്രധാനമാണ്. മുതലിനും മൂലധനത്തിനും സാമ്പത്തികേതരമായ ഒരുപാടു മാനങ്ങളും ഉണ്ടായിരിക്കുന്നു. സംസ്കാരം, അറിവ്, സൗന്ദര്യശാസ്ത്രം, ഗുണനിർണ്ണയ പ്രക്രിയ, മനുഷ്യവിഭവം ഒക്കെ അത്തരം ഭൗതികേതര മുതലാണ്. ഇതുമൂലം മുതലിനെ സൃഷ്ടിക്കുന്ന ഘടകങ്ങളും മുതലിനെ കൈകാര്യം ചെയ്യുന്ന ഏജൻസികളും പഴയ രീതിയിൽ വർഗ്ഗീകരണം നടത്താവുന്നവ അല്ലാതെയാവുന്നു. ഇതു മനസ്സിലാക്കണമെങ്കിൽ കോർപ്പറേറ്റുകളെ പോലും ഭൗതീകരൂപം (സ്ഥൂലഘടന), കർമ്മ ശൃംഖലാ രൂപം (സൂക്ഷമ പ്രവർത്തനശൈലികൾ), ആശയ സംഹിതാരൂപം എന്നിങ്ങനെ പ്രതിഭാസമായി അപനിർമാണം ചെയ്യണം. കോർപ്പറേറ്റുകളെ മാത്രം പോരാ താനും. ഈ പ്രതിഭാസികതയിൽ (phenomenalism) ഘടകങ്ങളായിരിക്കുന്ന എന്റെയും നിങ്ങളുടെയും ജീവിതസംഘാടനത്തെ (life organising) തന്നെ അപനിർമ്മാണം ചെയ്യണം. കോർപ്പറേറ്റുകൾ ഉത്പാദിപ്പിക്കുന്ന ഒരവസ്ഥയിൽ നാം എങ്ങനെ കൂട്ടിച്ചേർക്കപ്പെടുന്നു എന്നതറിയണം. ഈ തരത്തിൽ ജീവിതത്തെ എഞ്ചിനീയർ ചെയ്യാൻ കഴിയുന്നതു കൊണ്ടു മാത്രമാണ് ഫൈനാൻസ് മുതലാളിത്തവും, മായച്ചന്തയും (virtual market) സൃഷ്ടമാവുന്നത്. ഇതിനെ ഒരു matrix ആയി അറിയേണ്ടതുണ്ട്.

ഈ ലോക പ്രതിഭാസത്തിന്റെ അടിസ്ഥാനം തന്നെ ശക്തി വാക്യങ്ങളുടെ (networks of power and relating processes generating power) എഞ്ചിനീയറിങ്ങ് ആയതുകൊണ്ട് അതേ സങ്കേതങ്ങളുപയോഗിച്ച് കലാപങ്ങളും സാധ്യമാവുന്നു. കലാപങ്ങളുടെ ഇടങ്ങൾ ഉണ്ടാവുന്നത് അനുഭവങ്ങളെ സൃഷ്ടിക്കുന്ന പ്രതലങ്ങളിലാണ്. ഉദാഹരണമായി ഉൽപാദകനും പ്രതിബന്ധ ഘടകങ്ങളും എന്ന അനുഭവ മുഹൂർത്തം. അല്ലെങ്കിൽ ഉപഭോക്താവും ചന്തയും എന്ന അനുഭവ മുഹൂർത്തം. അല്ലെങ്കിൽ സ്വന്തം ശരീരം മൂലധനമായി അവതരിക്കുന്ന മുഹൂർത്തം. ക്ലാസ് റൂം, ഡോക്ടറുടെ മുറി, അർദ്ധ-അടിമകളായി പണിയെടുപ്പിക്കാനും ഉപയോഗിക്കാനും കഴിയുന്ന ഇടങ്ങൾ (ഉദാ: അൺ എയ്ഡഡ് സ്ഥാപന അധ്യാപകർ തുടങ്ങിയവർ). ഏതു ജീവിത മുഹൂർത്തവും ചില മെഗാനരേറ്റീവുകളുടെ അവതാര മുഹൂർത്തങ്ങളാണ്, അനുഭവ മുഹൂർത്തങ്ങളാണ്. ഇതെല്ലാം വിമോചന സംഘർഷത്തിന് ഉപയുക്തമാവുന്ന ഇടങ്ങളാണ്. ഇത് മുദ്രാവാക്യം മുഴക്കിയും ധർണ്ണ നടത്തിയും പിരിഞ്ഞു പോകേണ്ട ഇടങ്ങളല്ല, പിന്നെയോ ശക്തിയുടെ (being and becoming) ഇടങ്ങൾ, മെഗാനരേറ്റീവിലെ പീഡകനും പീഡിപ്പിക്കപ്പെടുന്നവരും പങ്കാളിയാവുന്ന ഇടങ്ങൾ ആണെന്ന തിരിച്ചറിവാണ് ഘടനോത്തര രാഷ്ട്രീയത്തിന്റെ സ്വഭാവം. ഇടതു-വലത് അമൂർത്ത രാഷ്ട്രീയവും ഘടനോത്തര രാഷ്ട്രീയവും തമ്മിലുള്ള ശൈലിയുടെ വ്യത്യാസവും ഇതാണ്. മുഹൂർത്തമെന്നത് തൊടാവുന്നത്ര മൂർത്തമാണെന്നറിയുന്ന പ്രക്രീയ (ഉദാ: ഒരു ഡോക്ടറോട് തിരിച്ചു ചോദ്യങ്ങൾ ചോദിക്കുന്നത്) തന്നെയാണ് രാഷ്ട്രീയത്തിന്റെ തുടക്കം. ഈ മുഹൂർത്തത്തിന് ഒരു സ്വകാര്യതലം മാത്രമല്ല അതുപോലെയുള്ള മുഹൂർത്തങ്ങളുടെ പൊതുതലമുണ്ടെന്നും തിരിച്ചറിയുക, അതിനുമപ്പുറം ആ മുഹൂർത്തങ്ങളിലേക്ക് ചരിത്രത്തെ കൊണ്ടെത്തിച്ച കർമ്മരേഖകളുടെ (trajectories of human activities) ചിത്രം കാണണം. എന്നിട്ട് അതിലൂടെ മെഗാനരേറ്റീവ് കാണുക, സർവ്വോപരി ഈ ഓരോ തലത്തിലേയും ശാക്തേയം (engineering of relationships and relating methodology) അറിയണം. എന്നിങ്ങനെയുള്ള രീതികളിൽ ആ രാഷ്ട്രീയം വികസിക്കണം. അതായത് ശക്തി (power) എന്നത് മേധാവിത്വം പു

ലർത്തുന്നതായ (hegemonising) ലിനിയർ രേഖകളും അതിന്റെ രൂപങ്ങളും (cycles of power; institutions; classes കുടുംബം മുതൽ രാഷ്ട്രകൂടം വരെ) അല്ലെന്നും അത് ലിനിയർ രേഖകൾക്ക് വെളിയിലുള്ള ബന്ധപ്പെടൽ ശൃംഖലകളുടെ (relating networks) ശാക്തേയത്തിലൂടെ (articulation) അട്ടിമറിക്കപ്പെടാവുന്ന ഒന്നാണെന്നും ഉള്ള തിരിച്ചറിവ് ആണ് ഈ രാഷ്ട്രീയം. ഇത് ഗ്രാമസഭകളിലൂടെ കേരളത്തിൽ സംഭവിച്ചില്ലെങ്കിലും കുടുംബശ്രീകളിലൂടെ ഇതിന് തുടക്കമുണ്ടായിട്ടുണ്ട്. ബന്ധങ്ങളുടെയും സംസ്കാരത്തിന്റെയും അറിവിന്റെയും നിശബ്ദമായ മാറ്റങ്ങളിലൂടെയും ഇത് സംഭവിക്കുന്നുണ്ട്. ഇത്തരം പുതിയ മാറ്റങ്ങളെ ചൂഷണാത്മകമായി സംഘടിപ്പിക്കാൻ (structuralise) അധികാരമാർക്കറ്റിനും മൂലധനചന്തയ്ക്കും സാംസ്കാരിക വിജ്ഞാന ചന്തകൾക്കും മതത്തിനും ഒക്കെ കഴിയുന്നുണ്ട്. എന്നാൽ ഈ മാറ്റങ്ങളുടെ പുത്തൻ രാഷ്ട്രീയം ഉണ്ടാകുന്നുമില്ല.

അയാൾ നിയമവിരുദ്ധമായി ഒന്നും ചെയ്യുന്നുണ്ടാവില്ല. നിയമവിധേയമായ ജീവിതത്തെക്കുറിച്ച് തന്നെയാണ് പറയുന്നത്. കേരളത്തെ സത്യസന്ധമല്ലാതാക്കുന്നതും വിമോചനാത്മകമായി ശക്തി ശൂന്യമാക്കുന്നതുമായ ഏറ്റവും വലിയ ഘടകം ഇതാണ്. യഥാസ്ഥിതിക കേരള രാഷ്ട്രീയത്തിന്റെ സോഷ്യോളജിയും ഇതാണ്. രാഷ്ട്രീയക്കാരും ബിസിനസുകാരും കള്ളന്മാരാകുന്നതല്ല, കേരള സമൂഹത്തിന്റെ ധർമ്മം തന്നെ ആ ശൈലിയാണ്.

കേരളീയ സമൂഹത്തിൽ വർഗ്ഗങ്ങൾ എന്ന സ്ഥിത രൂപത്തേക്കാൾ താത്പര്യ സംഘാതങ്ങൾ, അത്തരം സംഘാതങ്ങളെ സൃഷ്ടിക്കുന്ന നെറ്റ്‌വർക്കുകൾ എന്ന രീതിയിൽ സാമൂഹ്യശക്തികളെ കാണുകയാണ് കൂടുതൽ കൃത്യം. ഉദാഹരണമായി സോളാർ തട്ടിപ്പിന്റെ ആളുകൾ ഫലപ്രദമായി ശക്തി സൃഷ്ടിക്കുന്നത് താത്പര്യസംഘാതങ്ങളെ നിലനിർത്തുന്ന ഒരു നെറ്റ്‌വർക്ക് സൃഷ്ടിച്ചുകൊണ്ടാണ്. അങ്ങനെയവർ ഭരണകൂടത്തിന്റെ ലീനിയർ ഘടനയെ പുനഃർവ്യാഖ്യാനം ചെയ്ത് സ്വന്തം വരുതിയിലാക്കുന്നു. പ്രകൃതി വിരുദ്ധ പ്രക്രിയകളിലും വിലക്കയറ്റത്തിലും വിദ്യാഭ്യാസ കച്ചവടത്തിലും എല്ലാം ഇതു തന്നെ സംഭവിക്കുന്നു. കാരണം ഇവിടെ വ്യക്തികൾ പോലും സ്ഥിത സ്വഭാവമുള്ള പ്രതിഭാസമല്ല. ഒരു വ്യക്തി തന്നെ പല താത്പര്യ സംഘാതങ്ങളുടേയും അത്തരം ബന്ധശൃംഖലകളുടേയും ഒരു സംഗമം (verb) മാത്രമാണ്. ഉദാഹരണമായി ഗാഡ്ഗിൽ റിപ്പോർട്ട് അനുസരിച്ചുതന്നെ പരിസ്ഥിതി സംരക്ഷിക്കപ്പെടണം എന്ന് ബുദ്ധിതലത്തിൽ സത്യസന്ധമായി ആഗ്രഹിക്കുന്ന വ്യക്തി തന്നെ സ്വന്തം ജീവിത സംഘാടനത്തിന്റെ ഭാഗമായി, തന്റെ ബൗദ്ധിക താത്പര്യത്തിനു വിരുദ്ധമായി എത്രയോ കർമ്മ ശൃംഖലകളുടേയും താത്പര്യ സംഘാതങ്ങളുടേയും ഭാഗമായി തീരുന്നു. അത് മണൽ ഉപയോഗിച്ചും പാറ ഉപയോഗിച്ചും പണിയുന്ന കെട്ടിടങ്ങളുടെ ഉപയോഗമായും ഉപഭോഗ ചന്തകളായും ഇടത്തട്ട്/പരാന്നഭുക്ത സമ്പദ്ഘടനയായും ഒക്കെ അയാളിലൂടെ നിലനിൽക്കുന്നു. അയാൾ നിയമവിരുദ്ധമായി ഒന്നും ചെയ്യുന്നുണ്ടാവില്ല. നിയമവിധേയമായ ജീവിതത്തെക്കുറിച്ച് തന്നെയാണ് പറയുന്നത്. കേരളത്തെ സത്യസന്ധമല്ലാതാക്കുന്നതും വിമോചനാത്മകമായി ശക്തി ശൂന്യമാക്കുന്നതുമായ ഏറ്റവും വലിയ ഘടകം ഇതാണ്. യഥാസ്ഥിതിക കേരള രാഷ്ട്രീയത്തിന്റെ സോഷ്യോളജിയും ഇതാണ്. രാഷ്ട്രീയക്കാരും ബിസിനസുകാരും കള്ളന്മാരാകുന്നതല്ല, കേരള സമൂഹത്തിന്റെ ധർമ്മം തന്നെ ആ ശൈലിയാണ്. ഗാഡ്ഗിൽ റിപ്പോർട്ടിനെ മലയോര നിവാസികൾ എതിർക്കുന്നത് പള്ളിയോ ക്വാറി മാഫിയയോ തെറ്റിദ്ധരിപ്പിച്ചതുകൊണ്ട് മാത്രമല്ല. പിന്നെയോ, കേരളം എത്തിച്ചേർന്നിരിക്കുന്ന ചില ജീവിതശൈലി യാഥാർത്ഥ്യങ്ങളുണ്ട്. അവയെ നിലനിർത്തുകയും മുതലാക്കുകയും ചെയ്യുന്നവർ മാത്രമാണ് പള്ളിയും പൂജാരിയും രാഷ്ട്രീയക്കാരനും പണം മറിച്ചു കൂടുതൽ പണമാക്കുന്ന ബ്രോക്കർ വ്യവസായിയും വിദ്യാഭ്യാസ കച്ചവടക്കാരനും ഒക്കെ. പരിസ്ഥിതിയെ സംബന്ധിച്ച ഈ പ്രശ്നം പഴയ പശ്ചിമഘട്ട സംരക്ഷണ യാത്രയുമായി ബന്ധപ്പെടുത്തി ഞാൻ ഉന്നയിച്ചിരുന്നു.

എന്നാൽ ഈ കേരളീയ അവസ്ഥയ്ക്ക് ഒരു റാഡിക്കൽ രാഷ്ട്രീയം ഉണ്ട്. അതു പ്രതിരോധത്തിന്റേതല്ല, ബദൽ നിർമ്മിതിയുടേതാണ്. പ്രകൃതിയിൽ, സമൂഹത്തിൽ, വ്യക്തിജീവിതത്തിൽ ശക്തി ശൂന്യത (power vacuum; process vacuum) എന്നൊരു അവസ്ഥ ഇല്ല. ഒരു ശക്തി പ്രവാഹത്തെ (process of beingness and becoming) മറ്റൊരു ശക്തി പ്രവാഹത്തിനു മാത്രമേ ഇല്ലായ്മ ചെയ്യാൻ കഴിയൂ. ഉദാഹരണമായി ഇന്നത്തെ ജീർണ്ണാവസ്ഥകളെ ഫലപ്രദമായ പുതിയ അവസ്ഥകൾകൊണ്ടേ

മാറ്റാൻ കഴിയൂ. അല്ലാതെ മുദ്രാവാക്യങ്ങൾക്കും ധർണ്ണകൾക്കും ഹർത്താലുകൾക്കും അത് കഴിയില്ല. ഒന്നാമത് ഈ ഹർത്താൽ മുതലായ രാഷ്ട്രീയ സങ്കേതങ്ങൾ ഒന്നും ശാക്തേയ അർത്ഥത്തിൽ പ്രതിരോധം പോലും അല്ല. തന്നെയല്ല, അതെല്ലാം പിതൃഭാവത്തിലുള്ള ദേശരാഷ്ട്രം (nation state) എന്ന ഐഡിയോളജിയുടെ ചട്ടക്കൂടാണ് ഉപയോഗിക്കുന്നത്. മുദ്രാവാക്യം, അതിന്റെ പുറകിലുള്ള ഡിമാൻഡ് എല്ലാം അഡ്രസ് ചെയ്യുന്നത് എന്തും തരാൻ കഴിവുള്ള ഒരു ശക്തിയെ സങ്കൽപ്പിച്ചാണ്. അങ്ങനെ ഒരു സമഗ്ര ദേശരാഷ്ട്രം ഉണ്ടോ?സോവിയറ്റ് സോഷ്യലിസം പരാജയപ്പെട്ടത് എന്തുകൊണ്ടാണ്? മൂലധനത്തിനും അതിന്റെ ഡയനാമിക്സിനും ബദൽ നിർമ്മിക്കാൻ സോവിയറ്റ് സോഷ്യലിസത്തിനു കഴിയാതെ പോയി. ദേശരാഷ്ട്രത്തിനു ബദൽ ഇല്ലാതെ പോയി. അതു തിരിച്ചറിഞ്ഞ ഗാന്ധിജിക്കോ, മാവോയ്ക്കോ അറുപതുകളിലെ പ്രതിസംസ്കാര കലാപകാരികൾക്കോ പരീക്ഷണങ്ങൾക്കപ്പുറം പോകാനായില്ല.

മെഗാനരേറ്റീവുകളുടെ ജീവിതാവതാര മുഹൂർത്തങ്ങളിൽ തന്നെ ആ നിമിഷങ്ങളെ സൃഷ്ടിക്കുന്ന ബന്ധ ശൃംഖലയുടെ (relating process; relating networks) സാരാംശത്തെയും ശൈലിയെയും പുനർവിന്യസിച്ചു മാത്രമേ പുത്തൻ രാഷ്ട്രീയം തുടങ്ങാനാവൂ. ഈ രാഷ്ട്രീയം മൈക്രോ തലത്തിൽ തന്നെയുള്ള തൃണമൂൽ രാഷ്ട്രീയത്തിൽ (grass root action) നിന്നു പോലും വ്യത്യസ്തമാണ്. കാരണം തൃണമൂൽ രാഷ്ട്രീയം ബദൽ കൂട്ടായ്മകളാണ് സൃഷ്ടിക്കുന്നത്. അതായത് അവ വ്യവസ്ഥിതിയുടെ (മെഗാനരേറ്റീവുകളുടെ) പ്രക്രിയയിൽ ഇടപെടുന്നില്ല. അക്കാരണത്താൽ തന്നെ അവ മെഗാനരേറ്റീവുകളെ എഞ്ചിനീയർ ചെയ്യാവുന്ന ഒരു പ്രതലത്തിന് വെളിയിലായിപ്പോകുന്നു.

സാരംഗ് (ഗോപാലകൃഷ്ണൻ/വിജയലക്ഷ്മി ദമ്പതികളുടെ വിദ്യാഭ്യാസ പരീക്ഷണം) എത്രയോ അർത്ഥപൂർണ്ണമാണ്. പക്ഷെ ആ ഡ്രോപ്പിംഗ് ഔട്ട് ഒരു തുരുത്തായി മാത്രമേ നിൽക്കുന്നുള്ളൂ. സാരംഗിന്റെ മെഗാരാഷ്ട്രീയം എങ്ങനെയുണ്ടാക്കാം എന്നുള്ള പ്രശ്നം ചിന്തിക്കേണ്ടതുണ്ടല്ലോ. അതിന് ആവശ്യം ഇപ്പോഴുള്ള വിജ്ഞാന വ്യവസ്ഥയുടെ അവതാര മുഹൂർത്തങ്ങളിലുള്ള അട്ടിമറിയാണ്. തൃണമൂൽ ബദലുകൾ ശക്തിയെ (beingness of power) തൊടുന്നത് spatial ആയാണ്. കുടുംബശ്രീകളാവട്ടെ മുഹൂർത്തങ്ങളെ എഞ്ചിനീയർ ചെയ്യുകയാണ്. ഈ രണ്ടു പ്രക്രിയയും ഒന്നിയ്ക്കണമെങ്കിൽ രണ്ടിന്റെയും ശാക്തേയം വികസിപ്പിക്കേണ്ടതുണ്ട്. ലൈംഗീകാടിമകളെ ലൈംഗീക തൊഴിലാളികളാക്കി അവരുടെ സേവന-വേതന വർഗ്ഗ സമരം സൃഷ്ടിക്കുന്നത് ഒരു റാഡിക്കൽ രാഷ്ട്രീയമെന്നു പറയാനാവില്ല. ലൈംഗീകാടിമകളുടെ ലൈംഗീകതയുടെ പ്രശ്നവത്കരണം റാഡിക്കൽ രാഷ്ട്രീയമാണ്. വനിതാ ജീവിതത്തിലും വിദ്യാഭ്യാസ മേഖലയിലും കാർഷിക മേഖലയിലും ടെക്നോപാർക്കിലെ ചില സംരംഭങ്ങളിലും ഒക്കെ ഉണ്ടാവുന്ന ചില പൊളിച്ചെഴുത്തുകളുടെ ശൈലിയിൽ റാഡിക്കൽ സാധ്യത ഞാൻ കാണുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ ചില തരം മൂല്യങ്ങളുടെയും ക്രിയാത്മകതയുടെയും പുതുമകൾ, സ്വതന്ത്രമായി ഇടപഴകുന്ന സ്കൂൾകുട്ടികളുടെ പെരുമാറ്റ ശൈലികൾ, പൊതുഇടങ്ങളിലെ അതിസംബോധ ശൈലികൾ മാറുന്നത് (സാർ എന്ന വിളി ചേട്ടാ എന്നാകുന്നത്) ഒക്കെയിലും റാഡിക്കൽ രാഷ്ട്രീയത്തിന്റെ സാധ്യതകൾ കാണാൻ കഴിയുന്നുണ്ട്.

വ്യവസ്ഥിതിയെ, അതിന്റെ മുഹൂർത്തങ്ങളിൽ പിടിച്ച് പുനർനിർണ്ണയം (rearticulate) ചെയ്യാനുള്ള ധാരാളം ഉപാധികൾ (facilitating factors) ഇന്നുണ്ട്. ഇന്ന് മൂലധനത്തിന്റെ സൃഷ്ടി തന്നെ സാമൂഹ്യവൽകൃതമാണ്; അറിവ് വികേന്ദ്രീകരിക്കപ്പെടുന്നു; ഊർജ്ജോത്പാദനവും വികേന്ദ്രീകരിക്കപ്പെടാനുള്ള സാധ്യത കാണുന്നു. അതായത് കാലം, ദേശം (space) എല്ലാം വികേന്ദ്രീകരിക്കപ്പെടുന്നു. ഇതെല്ലാം ജനാധിപത്യവത്കരിക്കപ്പെടാനുള്ളസാധ്യത ഉള്ളവയായിത്തീരുന്നു. ഈ ഘടനോത്തരതയുടെ സാധ്യതകൾ തിരിച്ചറിയുന്ന ഒരു രാഷ്ട്രീയത്തിന് ഇന്നത്തെ എല്ലാ ശക്തി രൂപങ്ങളെയും (process of being) അട്ടിമറിക്കാൻ കഴിയും. അതു തുടങ്ങുന്നത് ഒരു കിടപ്പുമുറിയിൽ നിന്ന് തൊട്ട് എവിടെയും ആവാം.

ഇന്നത്തെ പ്രധാന ക്രൈസിസ് (വൈരുദ്ധ്യം) വ്യവസ്ഥിതിക്ക് ഉള്ളിൽ അല്ല. അതുകൊണ്ടു തന്നെ മുതലാളിത്തത്തിനും ആധുനികതയ്ക്കും ബദൽ ഇല്ല, ചരിത്രം അവസാനിച്ചു എന്ന് കോൺഗ്രസും, ബിജെപിയും, എന്തിന് മാർക്സിസ്റ്റ് പാർട്ടി പോലും അംഗീകരിക്കുന്ന വാദം തെറ്റാണ്. എന്തൊക്കെയാണ് മെഗാനരേറ്റീവ് വൈരുദ്ധ്യങ്ങൾ? മുതലാളിത്തവും ജീവിതസംഘാടനവും (sustainable civilization) തമ്മിൽ, മുതലാളിത്തവും ഭൂമിയും തമ്മിൽ, ആധുനീകതയും സമൂഹവും തമ്മിൽ, രാഷ്ട്രകൂടവും പൗരസമൂഹവും തമ്മിൽ, പൗരനും മനുഷ്യനും തമ്മിൽ, അമൂർത്ത ചരിത്രവും മൂർത്ത മുഹൂർത്തങ്ങളും തമ്മിൽ, അമൂർത്ത വ്യക്തിയും മൂർത്ത അനുഭവവും തമ്മിൽ, ആശയസംഹിതകളും (ധർമ്മ ശാസ്ത്രവും ശാസ്ത്രവും) വാസ്തവികതകളും തമ്മിൽ, ലിനി

യർ സ്ഥാപനങ്ങളും (ഉദാ: അധികാരം, സ്നേഹം, സമ്പദ്ഘടനാവിജ്ഞാനം, സൗന്ദര്യം മുതലായവയുടെ സ്ഥാപനകൾ) നോൺ ലിനിയർ ജീവിതവും തമ്മിൽ, ശാസ്ത്രവും പ്രകൃതിയും തമ്മിൽ അങ്ങിനെയങ്ങിനെ..... ഈ വൈരുദ്ധ്യങ്ങളെ തിരിച്ചറിയാൻ കഴിയാതെ പോകുന്നതുകൊണ്ടാണ് കേരളം ആധുനികതയുടെ ക്രൈസിസുകളെ പരിഹരിക്കാൻ ഫ്യൂഡൽ രൂപങ്ങൾ തേടി പോവുന്നത്.

ഈ വൈരുദ്ധ്യങ്ങളുടെ രാഷ്ട്രീയം വികസിക്കാതെ പോവുന്നത് കേരളീയ സമൂഹം ഇപ്പോഴും ഘടനാത്മകമായി മാത്രം ചിന്തിക്കുന്നതുകൊണ്ടാണ്. മുല്ലപ്പൂ വിപ്ലവങ്ങളെ ആൾക്കൂട്ടങ്ങളായി മാത്രം കാണുന്നതും അതുകൊണ്ടാണ്. കംപ്യൂട്ടർ കൗമാരത്തിൽ നിന്നുതന്നെ പുത്തൻ തിരിച്ചറിവ് വരുമെന്ന് എനിക്ക് അറിയാമായിരുന്നതുകൊണ്ട് അറബ്-ഡൽഹി കലാപത്തിൽ എനിക്ക് ഒരു അത്ഭുതവും തോന്നിയില്ല. കാരണം എഴുപതുകളിലെ കൗമാരം ആത്മീയമായി ആ ദർശനം കണ്ടിരുന്നു. പക്ഷെ അത് ആത്മനിഷ്ഠമായിരുന്നു, അസ്തിത്വ ദുഃഖത്തിന്റെ അർത്ഥം തേടലായിരുന്നു. എന്നാൽ ഇന്നത്തെ കുട്ടികളാവട്ടെ വളർന്നുവന്നതു തന്നെ കാലത്തേയും ദേശത്തേയും (space) ശിഥിലമാക്കിയ ഘടനോത്തര അവസ്ഥകളിലാണ്. എഴുപതുകളിൽ ആത്മീയത നൽകിയതാണ് ഈ ശൈഥില്യം. എന്നാൽ ഇന്ന് പുതിയ സാങ്കേതികവിദ്യകളിലൂടെ, അറിവിലൂടെ, ക്രിയാത്മക സാധ്യതകൾ നൽകാത്ത ഭൗതീകാവസ്ഥ സൃഷ്ടിക്കുന്ന വീർപ്പുമുട്ടലിലൂടെ (അന്യവത്കരണം) പുതിയ തലമുറയ്ക്ക് ഘടനോത്തര ദർശനം സാധ്യമാകുന്നു. വർഗ്ഗങ്ങളേയും വ്യക്തികളേയും കർമ്മ ശൃംഖലകളാക്കി മാറ്റിയ അവസ്ഥയുടെ ഘടനോത്തരതയും ഈ കുട്ടികളെ ഈ ദർശനത്തിലെത്താൻ സഹായിക്കുന്നു. പക്ഷെ ഈ ദർശനം പുതിയ രാഷ്ട്രീയമായി മാറണം-പുതിയ സാമ്പത്തിക സൃഷ്ടിയായി, അറിവിന്റെ സൃഷ്ടിയായി, സാങ്കേതികവിദ്യയായി, സാമൂഹ്യ ബന്ധങ്ങളായി, ഉൽപ്പന്നങ്ങളായി, സംസ്കാരമായി, അധികാരമായി, ആത്മീയതയായി വികസിക്കണം. പണ്ടൊരു മഹാഗുരു ഞങ്ങളോടു പറഞ്ഞത് ഈ കുട്ടികളോടു പറയാം, 'ഈ വിപ്ലവം നിങ്ങളുടെ ആത്മാവിനെ സ്പർശിക്കണം'. ഏജൻസികളും, കർമ്മരൂപങ്ങളും, ശാക്തേയ സമര സങ്കേതങ്ങളും, ബന്ധശൃംഖലകളും ഉണ്ടാവണം. (പണ്ട് നവോത്ഥാന കാലത്തുണ്ടായ ക്ലബുകളും ഗ്രാമീണ വായനശാലകളും, കുടുംബയോഗങ്ങളും ഒക്കെ ഇത്തരം ഏജൻസികളായിരുന്നു).

എന്നാൽ ഇത്രയും പോകാനുള്ള ഉൾപ്രേരണ (ഡയനാമിക്സ്) എങ്ങനെ ഉണ്ടാവും? ഒരു അസ്തിത്വവാദ ആത്മീയ സംഘർഷത്തിന്റെ ചേരുവ ഇനിയും സൃഷ്ടിക്കപ്പെടാനുണ്ട്. കേരളത്തിലെ തൃണമൂലവാദ ബുദ്ധിജീവികൾക്ക്/ സാംസ്കാരിക നായകർക്ക് അത്തരം ഒരു ആത്മചേതനയ്ക്കായുള്ള അവബോധമൊന്നുമില്ല. തൃണമൂലവാദവും ഘടനോത്തര രാഷ്ട്രീയവും വ്യത്യസ്തമായതുതന്നെയാണ് അതിന് കാരണം. ഇവിടെ ആവശ്യം ഒരു ആത്മീയ അന്വേഷണത്തിനുള്ള നേതൃത്വമാണ്. ആത്മീയ ദാരിദ്ര്യത്തെയും, ആശയ ദാരിദ്ര്യത്തെയും, രാഷ്ട്രീയ സങ്കേത ദാരിദ്ര്യത്തെയും മറികടക്കാൻ കഴിയുന്ന നേതൃത്വമാണ്. അത് അനുഭവങ്ങളുടെയും അനുഭൂതികളുടെയും തീവ്രതയിൽ ആ കുട്ടികളിൽ നിന്നു തന്നെ ഉണ്ടാവും.

ഇന്നത്തെ എല്ലാത്തരം കലാപങ്ങളും - നക്സലൈറ്റുകളുടേത് ഉൾപ്പടെ - വ്യവസ്ഥിതിക്ക് ഉള്ളിലാണ്. ഉദാഹരണമായി, മൂലധനത്തിന്റെഉപയോഗത്തിൽ അധിഷ്ഠിതമായ നിലനിൽപ്പ് കാരണം കലാപങ്ങളുടെമേൽ വ്യവസ്ഥാപിത മുതലും അതിന്റെ ഉപാധികളും ആധിപത്യം പുലർത്തുന്നു. മണൽ വാരലിനെതിരെയുള്ള പ്രതിരോധങ്ങൾ തന്നെ എടുക്കുക-അതിന്റെ സാമ്പത്തികശാസ്ത്രവും, ആ സാമ്പത്തിക പ്രക്രീയയുടെ ശാക്തീകരണവും (രാഷ്ട്രീയം-റാക്കറ്റ്-മാഫിയ-ഉദ്യോഗസ്ഥ വർഗ്ഗത്തെ ഉപയോഗിക്കുന്നത്) മാത്രമല്ല പ്രശ്നം. ആ അസംസ്കൃത വസ്തുവിന്റെ ഉപയോഗത്തെ നിലനിർത്തുന്ന സാങ്കേതിക വിദ്യയും, സൗന്ദര്യശാസ്ത്രവും, ഐഡിയോളജിയും ഒക്കെ ചേരുന്ന ഒരു അവസ്ഥയും, ആ അവസ്ഥയെ നിലവിൽ കൊണ്ടുവരുന്ന സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലവും പ്രശ്ന

'അഴിമതി', 'അധാർമ്മികത' എന്നൊക്കെ സാമൂഹ്യ ധർമ്മ ശാസ്ത്രവും രാഷ്ട്ര നിയമവും പറയുന്നത് ഒരു കാൽപ്പനിക സങ്കൽപ്പമാണ്. മുകളിൽ നാം ചർച്ച ചെയ്ത രീതിയിലുള്ള വ്യവസ്ഥാപിത സംഘാടന ശക്തി പ്രയോഗങ്ങളും റിപ്പബ്ലിക്കൻ ആശയവും തമ്മിലുള്ള വൈരുദ്ധ്യങ്ങളെയാണ് നാം അഴിമതി, അധർമ്മം എന്നൊക്കെ പറയുന്നത്. അത് ഇരുട്ടുകൊണ്ട് ഓട്ടയടക്കലാണ്. കാരണം ശക്തിയുടെ പ്രവാഹങ്ങളെ മറച്ചുവയ്ക്കുന്ന കാൽപ്പനിക ആശയങ്ങൾ അരാഷ്ട്രീയമാണ്.



വത്കരിക്കാതെ ആ വിഷയത്തിന് ഉത്തരമുണ്ടാവില്ല. ശക്തിക്കു പകരം ശക്തിയാണു വേണ്ടത്.

'അഴിമതി', 'അധാർമ്മികത' എന്നൊക്കെ സാമൂഹ്യ ധർമ്മശാസ്ത്രവും രാഷ്ട്ര നിയമവും പറയുന്നത് ഒരു കാൽപ്പനിക സങ്കൽപ്പമാണ്. മുകളിൽ നാം ചർച്ച ചെയ്ത രീതിയിലുള്ള വ്യവസ്ഥാപിത സംഘാടന ശക്തി പ്രയോഗങ്ങളും റിപ്പബ്ലിക്കൻ ആശയവും തമ്മിലുള്ള വൈരുദ്ധ്യങ്ങളെയാണ് നാം അഴിമതി, അധർമ്മം എന്നൊക്കെ പറയുന്നത്. അത് ഇരുട്ടു കൊണ്ട് ഓട്ടയടക്കലാണ്. കാരണം ശക്തിയുടെ പ്രവാഹങ്ങളെ മറച്ചുവയ്ക്കുന്ന കാൽപ്പനിക ആശയങ്ങൾ അരാഷ്ട്രീയമാണ്. ആം ആദ്മി ആത്യന്തികമായി ഈ തിരിച്ചറിവിലേക്ക് വികസിക്കുമോ എന്നറിയില്ല. പക്ഷേ അവരുടെ തുടക്കം ശരിയാണ്–തെറ്റായ ആംഗിളിൽ നിന്നായാലും അവർ ശക്തിപ്രവാഹത്തെ സ്പർശിക്കാൻ ശ്രമിക്കുന്നു.

തൊണ്ണൂറുകളിൽ ഞാൻ പങ്കെടുത്ത അർത്ഥവത്തായ ഒരു അക്കാദമിക് പ്രസ്ഥാനം ഉണ്ടായിരുന്നു. എ.കെ.പി.സി.ടി.എ (പ്രൈവറ്റ് കോളജ് അധ്യാപക സംഘടന) അംഗങ്ങളായ കുറെയേറെ അധ്യാപകർക്ക് നവീകരണാഗ്രഹമുണ്ടായതിന് കാരണമറിയാൻ അവരുടെ വ്യക്തിപരമായ അന്യവൽക്കരണങ്ങളെ പ്രശ്നവത്കരിച്ചാലെ മതിയാവു. കാരണം വ്യവസ്ഥിതി ഒരു നവീകരണവും ആഗ്രഹിച്ചിരുന്നില്ല. ഒരു പക്ഷേ വൊക്കേഷണൽ കോഴ്സുകളുടെ തള്ളിക്കയറ്റം ഉണ്ടാക്കിയ ഭീഷണി ഒരു പൊതു കാരണമായി പറയാമായിരിക്കാം.

ശിഥിലമായ കേരളീയ വ്യക്തി (individual) ഏതെങ്കിലും ഒരു വർഗ്ഗത്തിലോ താത്പര്യസംഘാതത്തിലോ ഒതുങ്ങുന്നില്ല. ഒരു മുഹൂർത്തത്തിലെ നിഷേധി മറ്റൊരു മുഹൂർത്തത്തിൽ വ്യവസ്ഥിതിയുടെ ആളാവും. ഒരു കടയിലോ ഓഫീസിലോ നിഷേധിയാവാൻ ആഗ്രഹിക്കുന്ന അധ്യാപകൻ ഒരു വലിയ ശുഷ്ക വ്യവസായത്തിന്റെ – കേരളത്തിലെ കോളജുകൾ – കാവലാളാണ്. അത് അവർ അഴിമതിക്കാരായതുകൊണ്ടല്ല, പിന്നെയോ കോളജ് എന്ന കപട സ്ഥാപനം ആ തരത്തിലുള്ള ഒരു നെഗറ്റീവ് (uncreative) സാമൂഹ്യ ധർമ്മമാണ് അയാളിൽ നിന്നും പ്രതീക്ഷിക്കുന്നത്. മാനേജ്മെന്റും, സമൂഹവും, വിദ്യാർത്ഥികളും, യൂണിവേഴ്സിറ്റിയും അതാണ് പ്രതീക്ഷിക്കുന്നത്. നോട്ടുകൊടുക്കുകയും, ഗൈഡടിസ്ഥാനത്തിൺ പഠിപ്പിക്കുകയും, പ്രത്യേകിച്ച് ഒരു മാറ്റവും ക്ലാസുമുറിക്കോ, അറിവിനോ, സമൂഹത്തിനോ, കാണാത്തയാളാണ് 'നല്ല' അധ്യാപകൻ. ഇതിനിടയിൽ എന്തുകൊണ്ട് കുറെയേറെപ്പേർ മാറി ചിന്തിച്ചു?.

ഒരു മധ്യാഹനം, മലകളെ അഭിമുഖീകരിക്കുന്ന എന്റെ ഒരു ക്ലാസു മുറിയാലാണ് ഞാൻ. കുട്ടികളുടെ പകലുറക്കവും ക്ലാസെടുക്കാനുള്ള എന്റെ താത്പര്യവും തമ്മിലുള്ള ഒരു തമാശ തോന്നിയ സംഘർഷം. അത് ക്ലാസുമുറി, സിലബസ്, അവരുടെ നൈസർഗികതയും ഇവയും തമ്മിലുള്ള വൈരുദ്ധ്യം, ചരിത്രം എന്ന വിഷയം അറിവാണോ അല്ലയോ എന്ന തർക്കം തുടങ്ങിയ പ്രശ്നവൽക്കരണത്തിലേക്ക് നയിച്ചു. അത് പറയുന്നത്ര ലളിതമോ, ബുദ്ധിപരമോ ആയല്ല സംഭവിച്ചതും. എന്നാൽ അവരെ ഞാൻ ബന്ധനവിമുക്തരാക്കിയപ്പോൾ ചില ക്രിയാത്മകവും സൃഷ്ടുന്മുഖവുമായ കാര്യങ്ങൾ സംഭവിച്ചു. 'പ്രോജക്ട് ഹിസ്റ്ററി' എന്നൊരു പ്രദേശിക സംരംഭമായി അതു വികസിച്ചു. സ്കൂൾ ഓഫ് സോഷ്യൽ സയൻസിന്റെ സഹകരണത്തോടെ – ഡോ. രാജൻ ഗുരുക്കളിന്റെയും, ഡോ. മുരളിയുടേയും കാലം – വ്യത്യസ്തമായ ഒരു പേപ്പർ (സോഷ്യൺ ഫോർമേഷൻ ഓഫ് പ്രീ മോഡേൺ ഇന്ത്യ) സൃഷ്ടിക്കുന്നതിലേക്കും എം.ജി യൂണിവേഴ്സിറ്റി അത് അംഗീകരിക്കുന്നതിലേക്കും നയിച്ചു. കേരളത്തിലെ സർവ്വകലാശാലകളിൽ സിലബസ്–കരിക്കുലം നവീകരണത്തിന്റെ ആദ്യത്തെ ചുവടുവയ്പായിരുന്നു അത്. പിന്നീട് ഇടതുപക്ഷ അധ്യാപക സംഘടനയായ എ.കെ.പി.സി.ടി.എ ഏറ്റെടുത്ത് എല്ലാ വിഷയങ്ങളിലേക്കും വ്യാപിപ്പിച്ചു. പക്ഷെ അത്തരം നവീകരണത്തിന് പറ്റിയ സോഷ്യോളജി ആയിരുന്നില്ല കേരളത്തിലെ

വിദ്യാഭ്യാസത്തിനും വിദ്യാഭ്യാസ മേഖലയ്ക്കും കേരളത്തിനും. എന്നെ പോലെ പരീക്ഷണത്തിനു തയ്യാറായ ഒരു വലിയ സംഖ്യ അധ്യാപകരുടെ ക്ലാസുമുറികളിൽ നിന്നായിരിക്കണമല്ലോ ആ പ്രവാഹം ഉണ്ടായത്. പക്ഷേ എന്തുകൊണ്ട് കേരളത്തിൽ ഇന്നുള്ളതരം കോളജുകൾ ഉണ്ടായി? അറിവിന് പ്രയോഗം ഇല്ലാതെയായിരിക്കുന്ന, അറിവ് ഇൻഫർമേഷന് മാത്രമായാലും മതിയെന്നു വരുന്ന കോളേജുകളുടെ സാമൂഹ്യ ധർമ്മം എന്ത്? കോളേജുകളെ കാലവും (time framing) ദേശവും (ഉദാ: ക്ലാസുമുറി, ലാബ്) ആയി രൂപീകരിക്കുന്നതിന്റെധർമ്മം എന്ത്? എന്താണു മാനേജ്മെന്റ്? ഇത്തരം ചോദ്യങ്ങൾ ഞാൻ ചോദിച്ചപ്പോൾ രണ്ട് കാര്യങ്ങൾ മനസ്സിലായി. ഒന്ന്, കോളേജും അധ്യാപകരും വിദ്യാർഥികളും മാനേജ്മെന്റും യൂണിവേഴ്സിറ്റിയും സാമൂഹ്യ സാരാംശത്തിൽ മറ്റു ചിലതാണ്. ഇവിടെ വിദ്യാഭ്യാസ നവീകരണം അപ്രസക്തമാണ്. രണ്ട്, അധ്യാപകരുടെ വർഗ്ഗ സമരങ്ങളും, സേവനവേതനവും വിദ്യാർത്ഥികളുടെ സമരങ്ങളും കൺസഷൻ സംസ്കാരവും വ്യവസ്ഥിതിയെ പുനർജ്ജനിപ്പിച്ചുകൊണ്ടിരിക്കുന്ന റോമൻ സർക്കസാണ്. അപ്പോൾ പുതിയ വീഞ്ഞ് പഴയ കുപ്പിയിലായത്, അതായത് - പുതിയ സിലബസും, ലക്ചർ, നോട്ട്, ഗൈഡ്, പരീക്ഷ ഒക്കെ ആയി ഒതുങ്ങിയത്, മാനേജ്മെന്റ് പഴയ രീതിയിൽ തന്നെ അധികാരവും പണവും പുനരുത്പാദിപ്പിച്ചത് ഒക്കെ സ്വാഭാവികം.

അപ്പോൾ ഈ വ്യവസ്ഥിതിക്കു വെളിയിൽ നോൺ ലിനിയറായി വികസിക്കുന്ന ഭൗതീകതയിലും സംസ്കാരത്തിലും വളർന്നവർ, കാലത്തെയും ദേശത്തെയും ശിഥിലമാക്കിയ സാങ്കേതികവിദ്യകളുടെയും ചന്തയുടെയും സ്വപ്നങ്ങളുടെയും ഒക്കെ സന്തതികൾ വന്ന് ഈ ഈജിയൻ തൊഴുത്തിലേക്ക് ഒരു പുഴയൊഴുക്കും എന്നു ഞാൻ കരുതി. അവർ വന്നപ്പോൾ ഞാൻ പറഞ്ഞു 'ഞാൻ നിങ്ങൾക്കായി കാത്തിരിക്കുകയായിരുന്നു.' ■

# പോലീസ് കോടതിയെ തെറ്റിദ്ധരിപ്പിക്കുന്നു

മാവോവാദിയെന്ന സംശയം ആരോപിച്ച് തണ്ടർബോൾട്ട് പോലീസ് തനിക്കുനേരെ നടത്തിയ അതിക്രമങ്ങൾക്കെതിരെ ജൈവകർഷകനും എഴുത്തുകാരനുമായ ശ്യാം ബാലകൃഷ്ണൻ നൽകിയ കേസിൽ അസത്യമായ വിവരങ്ങൾ സമർപ്പിച്ചുകൊണ്ട് കോടതിയെ തെറ്റിദ്ധരിപ്പിക്കാൻ പോലീസ് ശ്രമിക്കുന്നു. മാവോവാദിയെന്ന് സംശയിച്ച് 2014 മെയ് 20ന് ആണ് വയനാട് കുഞ്ഞോം പെർളോത്ത് വച്ച് മാവോയിസ്റ്റ് വേട്ടക്കായി നിയോഗിച്ച തണ്ടർബോൾട്ട് സേനയും പോലീസും ചേർന്ന് ശ്യാമിനെ അറസ്റ്റ് ചെയ്യുന്നത്. തുടർന്ന് വെള്ളമുണ്ട പോലീസ്സ്റ്റേഷനിൽ കൊണ്ടുപോയി ദേഹപരിശോധന നടത്തുകയും രാത്രി 12 മണിവരെ അദ്ദേഹത്തിന്റെ വീട് അരിച്ചുപെറുക്കുകയും ചെയ്തു. തെളിവുകളൊന്നും കിട്ടാത്തതിനാൽ ലാപ്ടോപ്പും മൊബൈലും വിശദപരിശോധനയ്ക്കായി പോലീസ് കൊണ്ടുപോവുകയും ചെയ്തു. പ്രാഥമികമായ ഒരന്വേഷണം പോലും നടത്താതെയാണ് സംശയത്തിന്റെ പേരിൽ തണ്ടർബോൾട്ടിന്റെ തോക്കുധാരികളായ സംഘം പൊതുജനമധ്യത്തിൽ വച്ച് ബലപ്രയോഗത്തിലൂടെ ശ്യാമിനെ പിടികൂടിയത്. തനിക്കുണ്ടായ മാനനഷ്ടത്തിനും മറ്റു ക്ലേശങ്ങൾക്കും നഷ്ടപരിഹാരം ചോദിച്ചും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ടുമാണ് ശ്യാം ഹൈക്കോടതിയെ സമീപിച്ചത്. എന്നാൽ തീർത്തും വസ്തുതാവിരുദ്ധമായ കഥമെനഞ്ഞുകൊണ്ട് കോടതിയെ തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമമാണ് പോലീസ് ഇപ്പോൾ ഈ കേസിൽ നടത്തിയിരിക്കുന്നത്. മാവോയിസ്റ്റാണെന്ന് സംശയിച്ച് ശ്യാമിനെ കോറോം അങ്ങാടിയിൽ ജനങ്ങൾ തടഞ്ഞുവച്ചെന്നും കൈകാര്യം ചെയ്തെന്നുമാണ് പോലീസിന്റെ വിശദീകരണം. "വളരെ ക്ഷുഭിതരായിരുന്ന ജനക്കൂട്ടം തത്സമയം ശ്യാം ബാലകൃഷ്ണനെ ചോദ്യംചെയ്യുകയും എന്നാൽ അയാൾക്ക് താൻ അങ്ങാടിയിൽ വന്നത് എന്തിനാണെന്ന് തൃപ്തികരമായി വിശദീകരിക്കാനാകാഞ്ഞതിനാൽ അയാളെ കയ്യേറ്റം ചെയ്യുകയുമായിരുന്നു. ഈ സാഹചര്യം വേണ്ടവിധം മനസ്സിലാക്കിയ പോലീസ് സംഘം ഉടനടി ശ്യാമിനെ അക്രമാസക്തരായ ജനങ്ങളിൽനിന്ന് രക്ഷിച്ച് അയാൾ ഉപയോഗിച്ച ബൈക്കുൾപ്പടെ വെള്ളമുണ്ട പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുവരികയുമായിരുന്നു. കോറോം അങ്ങാടിയിൽവെച്ച് അക്രമാസക്തരായ ജനങ്ങളിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി മാത്രമാണ് പോലീസ് പരാതിക്കാരനെ പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയിട്ടുള്ളത്.അക്രമാസക്തരായ ജനക്കൂട്ടത്തിൽ നിന്നും പരാതിക്കാരന്റെ ജീവൻ രക്ഷിക്കുവാൻ മറ്റു പോംവഴികളൊന്നും പോലീസിനു മുമ്പിൽ ഇല്ലായിരുന്നു" എന്നരീതിയിലാണ് പോലീസ് കഥ മെനഞ്ഞിരിക്കുന്നത്. വയനാട്ടിൽ പൊതുവിൽ വലിയ മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്നതായുള്ള വിശദീകരണവും പോലീസ് ഈ മറുപടിയിൽ ഉൾച്ചേർത്തിട്ടുണ്ട്. പരാതിക്കാരന്റെ മേൽ തക്കതായ പിഴ ചുമത്തിക്കൊണ്ട് ഈ കേസ് തള്ളണമെന്ന് പോലീസ് കോടതിയോട് അഭ്യർത്ഥിക്കുന്നു. മാനന്തവാടി ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസാണ് 2014 സെപ്റ്റംബർ 30ന് കോടതിയിൽ ഈ വിശദീകരണം സമർപ്പിച്ചിരിക്കുന്നത്. കള്ളക്കഥ മെനയുന്ന പോലീസിന്റെ രീതി കോടതിയെ ബോധ്യപ്പെടുത്തുമെന്നും നടപടി ആവശ്യപ്പെടുമെന്നും ശ്യാം പറഞ്ഞു.